HEADMASTERS' FORUM, TIRUR

SSLC മാതൃകാ പരീക്ഷ

ഫെബ്രുവരി 2022

ദിശ 22

# അടിസ്ഥാന പാഠാവലി

## സെറ്റ് ബി

**സമയം : ഒന്നരമണിക്കൂർ** **പരമാവധി സ്കോർ :40**

**നിർദ്ദേശങ്ങൾ**

* ചോദ്യങ്ങൾ ശ്രദ്ധയോടെ വായിച്ചു നോക്കാനും മുൻഗണനാക്രമം തീരുമാനിച്ച് മനസ്സിൽ ഉത്തരങ്ങൾ ക്രമീകരിക്കാനും ആണ് ആദ്യത്തെ 15 മിനിറ്റ് സമയം അനുവദിച്ചിട്ടുള്ളത്.
* ഭാഗം എ -യിലെ ചോദ്യങ്ങൾ ഫോക്കസ് ഏരിയയിൽ നിന്നുള്ളതും ഭാഗം ബിയിലെ ചോദ്യങ്ങൾ ഫോക്കസ് ഏരിയക്കു പുറത്തുനിന്നുള്ളതുമാണ്.
* ഉത്തരം എഴുതുമ്പോൾ സ്കോർ, സമയം, ചോയ്സ് എന്നിവ പരിഗണിക്കണം.

---

### ഭാഗം I എ

**1 മുതൽ 6 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിനു ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. ഒരു മാർക്ക് വീതം. 4x1=4**

1. രണ്ടിടങ്ങഴി എന്ന കൃതി ഏത് സാഹിത്യ വിഭാഗത്തിൽ ഉൾപ്പെടുന്നു?
   a) ചെറുകഥ
   b) നോവൽ
   c) നാടകം
   d) ആത്മകഥ

2. മഹാബലിയെ വരവേൽക്കാൻ ദീപക്കുറ്റികൾ നാട്ടി നിൽക്കുന്നതായി സങ്കല്പിച്ചത് എന്തിനെ?
   a) നറുമുക്കുറ്റികളെ
   b) നെയ്യാമ്പലുകളെ
   c) തുമ്പകളെ
   d) കമുകിൻപൂവരികളെ

3. കൊതിയസമാജം എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥം?
   a) കൊതിയും സമാജവും
   b) കൊതിയായ സമാജം
   c) കൊതിയാകുന്ന സമാജം
   d) കൊതിയൻമാരുടെ സമാജം.

4.പുതിയ അവസ്ഥയുമായി അമ്മ പതുക്കെപ്പതുക്കെ ഇണങ്ങി വരുന്നു. "പുതിയ അവസ്ഥയുമായി" എന്ന പ്രയോഗം നൽകുന്ന സൂചന എന്ത്?
   a) അച്ഛന്റെ മരണം

b) അച്ഛന്റെ രോഗാവസ്ഥ
c) മകന്റെ വീട്ടിലെ താമസം
d) ശാരീരിക അവശതകൾ

5. "ഈ വയ്യാവേലിയിൽ നിന്ന് തലവലിക്കാൻ മത്തായി കുറേ പാടുപെടേണ്ടി വന്നു."
'വയ്യാവേലി' എന്ന പ്രയോഗത്തിന്റെ അർത്ഥം?
a) ഉറപ്പില്ലാത്ത വേലി
b) മറ്റുള്ളവരുടെ പ്രയാസങ്ങൾ
c) സ്വയം വരുത്തിവച്ച പ്രശ്നം
d) ഉത്തരമില്ലാത്ത ചോദ്യം.

6. "പിറകിലെ സീറ്റിലുണ്ടമ്മ
വലത്തോട്ട് പൂർണ്ണമായ് ചാഞ്ഞ്
മടങ്ങി മയങ്ങിക്കിടക്കുന്നു."
മടങ്ങി - എന്ന പ്രയോഗത്തിന്റെ സൂചനയെന്ത്?
a) മരണം
b) ഉറക്കം
c) രോഗാവസ്ഥ
d) അതൃപ്തിയോടെ.

**ബി**

**7,8,9 ചോദ്യങ്ങൾക്കെല്ലാം ശരിയായ ഉത്തരം എഴുതണം.ഒരു മാർക്ക് വീതം. 3x1=3**

7. "സാഹിത്യം വായിക്കപ്പെടുന്നില്ല. പത്രം വായിക്കാൻ കൊള്ളുകയുമില്ല" എന്ന് അഭിപ്രായപ്പെട്ടത് ആര്?
a) ഇബ്സൻ
b) സുകുമാർ അഴീക്കോട്
c) ഓസ്കാർ വൈൽഡ്
d) ജഫേഴ്സൻ

8. "എന്റെ കണക്കൊക്കെ തെറ്റീലോ മത്തായി മൂപ്പരെ" കണക്കൊക്കെ തെറ്റീലോ - എന്ന പ്രയോഗത്തിന്റെ ഈ സന്ദർഭത്തിലെ സൂചന എന്ത്?
a) റേഡിയോ കേടുവന്നതിലെ മനഃപ്രയാസം
b) മകൻ മരിച്ചതിലുള്ള ദുഃഖം
c) തയ്ച്ച വസ്ത്രം പാകമില്ലാത്ത അവസ്ഥ
d) റേഡിയോ നഷ്ടപ്പെടുമോ എന്ന ആശങ്ക.

9. ശ്രീനാരായണ ഗുരുവിന്റെ സന്ദേശങ്ങളുടെ ഏറ്റവും വലിയ സവിശേഷതയായി ലേഖകൻ ചൂണ്ടിക്കാണിക്കുന്നത് എന്ത്?
a) സാർവ്വലൗകികത
b) പ്രദേശികത്വം
c) ദേശീയബോധം
d) ഗഹനത.

**ഭാഗം II എ**

10. മാതൃക പോലെ ഘടകപദങ്ങളായി പിരിച്ചെഴുതുക. **2 മാർക്ക്**
മലർക്കളമെഴുതിക്കാത്തോരരചനെ - മലർ, കളം, എഴുതി, കാത്ത, ഒരു, അരചനെ.

നല്ലതിഥിനമുക്കിനിയാരിതുപോലെ -----?

**ബി**

**11,12 ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോവാക്യത്തിൽ ഉത്തരം എഴുതുക. 2 മാർക്ക് വീതം**

11. തിന്മകൾ കണ്ടാൽ കൊത്തിക്കീറാൻ കൊക്കിനു കഴിയട്ടെ. ഈ വരികളിലൂടെ കവി നൽകുന്ന സന്ദേശമെന്ത്?

12. ശ്രീനാരായണഗുരു മനുഷ്യ സമൂഹത്തിനു നൽകിയ മഹത്തായ രണ്ടു സന്ദേശങ്ങൾ എഴുതുക.

**ഭാഗം III എ**

**13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് നാലോ അഞ്ചോ വാക്യങ്ങളിൽ ഉത്തരമെഴുതുക. മൂന്ന് മാർക്ക് വീതം. 3x3=9**

13. മാവ് തളിരിടുമ്പോൾ മുതൽ നാട്ടുമ്പുറത്ത് ഉത്സവമാണ്. ഗ്രാമീണാന്തരീക്ഷം മാമ്പൂ വിന്റെ ഹൃദ്യമായ പരിമളം കൊണ്ടു നിറയും. (കൊച്ചുചക്കരച്ചി)
ഇന്നത്തെ നാട്ടിൻപുറങ്ങൾ ഇങ്ങനെയാണോ? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

14. ഓരോ വിളിയും കാത്ത് എന്ന കഥയിൽ അച്ഛന്റെ മരണത്തിനു ശേഷമുള്ള അവസ്ഥ കഥാകൃത്ത് അവതരിപ്പിച്ചതെങ്ങനെ? കുറിപ്പ് തയ്യാറാക്കുക.

15. "അങ്ങനെ മുകളിൽ നിന്ന് കീഴോട്ടൂർന്നിറങ്ങുന്ന മാർക്കോസും താഴെനിന്ന് മേലോട്ടു വളരുന്ന മത്തായിയും അയൽക്കാരായിപ്പാർത്തു." (കോഴിയും കിഴവിയും)
ഇങ്ങനെ പറയുന്നതിലൂടെ കഥാകൃത്ത് അർത്ഥമാക്കുന്നതെന്ത്?

16. "ഇപ്പെരുംമാളിന്റെ ഇപ്പെരുമാളിന്റെ, (?)
തൊട്ടടുത്തായിറക്കിയാലെന്നോർത്തു"
അടിവരയിട്ട പ്രയോഗങ്ങളുടെ അർത്ഥസാധ്യതകൾ എഴുതുക.

**ബി**

**നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക. 3 മാർക്ക്**

17. നഗരജീവിതത്തിലേക്ക് ചേക്കേറേണ്ടി വരുമ്പോഴും കവിയുടെ മനസ്സിൽ അമ്മ കെടാ വിളക്കായി നിറഞ്ഞു നിൽക്കുന്നു. - അമ്മയുടെ എഴുത്തുകൾ എന്ന കവിതയുടെ ആശയ വുമായി ബന്ധപ്പെടുത്തി തന്നിട്ടുള്ള പ്രസ്താവന വിലയിരുത്തുക.

**ഭാഗം IV എ**

**18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

18. "നെല്ലില്ല പിശാശുക്കള്"
"അരിയിട്ടു തെളപ്പിച്ച വെള്ളം കുടിച്ചിട്ട് ദെവസം പത്തായി." (പ്ലാവിലക്കഞ്ഞി)
'രണ്ടിടങ്ങഴി'യിലെ കഥാസന്ദർഭങ്ങളിൽ തെളിയുന്ന അക്കാലത്തെ സാമൂഹികാവസ്ഥ വിശദമാക്കുക.

19. "പഴമയിലിഴയും പല്ലുകൊഴിഞ്ഞൊരു
പാട്ടാണെന്നു പഴിക്കാമിന്നു പ -

രിഷ്കാരത്തിൻ തിണ്ണയിലുള്ളവർ" (ഓണമുറ്റത്ത്)
വരിയിലെ സാമൂഹ്യ വിമർശനം വിശകലനം ചെയ്തു കുറിപ്പ് തയ്യാറാക്കുക.

20. 'അമ്മത്തൊട്ടിൽ' എന്ന കവിതയിലെ മകൻ അമ്മയെ ഉപേക്ഷിക്കാൻ നടത്തുന്ന യാത്ര അയാളുടെ ജീവിതത്തിലൂടെ തന്നെയുള്ള യാത്രയായി മാറുന്നുണ്ടോ? കവിതാ സന്ദർഭങ്ങൾ വിശകലനം ചെയ്തു കുറിപ്പെഴുതുക.

**ബി**

**21,22 ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 മാർക്ക്**

21. പണയം എന്ന കഥയിൽ മനുഷ്യകഥാപാത്രങ്ങൾക്കൊപ്പമോ അതിലധികമോ റേഡിയോ നിറഞ്ഞു നിൽക്കുന്നു. -- പ്രസ്താവന വിലയിരുത്തി കഥയിൽ റേഡിയോക്കുള്ള സ്ഥാനത്തെക്കുറിച്ചു കുറിപ്പെഴുതുക.

22. ആരു വായിക്കുമീ മായു മെഴുത്തുകൾ
ആരുടെ നാവിലുയിർക്കുമി ച്ചൊല്ലുകൾ
തായ്മൊഴി തന്നീണ-
മെങ്ങനെ? നാവെടു -
ത്തോതുന്നതെങ്ങനെ? (അമ്മയുടെ എഴുത്തുകൾ)

ജനിക്കും നിമിഷം തൊട്ടെൻ
മകന്നിംഗ്ളീഷ് പഠിക്കണം
അതിനാലെൻ ഭാര്യതൻ
പേറങ്ങിംഗ്ലണ്ടിലാക്കി ഞാൻ (കുഞ്ഞുണ്ണി)

തന്നിരിക്കുന്ന കാവ്യഭാഗങ്ങളിലെ ആശയം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**ഭാഗം V**

**23,24 ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 5 മാർക്ക്**

23. മനുഷ്യനന്മയുടെ ഉജ്ജ്വലതകൊണ്ട് പ്രകാശിക്കുന്ന കഥാപാത്രമാണ് കോഴിയും കിഴവിയും എന്ന കഥയിലെ മത്തായിയുടെ അമ്മ എന്ന കഥാപാത്രം. കഥാപാത്രത്തെ നിരൂപണം ചെയ്തു കുറിപ്പ് തയ്യാറാക്കുക.

4. എല്ലാ ഇല്ലായ്മകളേയും വല്ലായ്മകളെയും സ്നേഹം കൊണ്ട് അതിജീവിക്കുന്ന കാഴ്ച 'പ്ലാവിലക്കഞ്ഞി' എന്ന പാഠഭാഗത്തു കാണാം. പരസ്പരം അറിഞ്ഞുകൊണ്ട് ജീവിക്കുന്ന കോരനും ചിരുതയും വായനക്കാർക്ക് നൽകുന്ന സന്ദേശം വിശദമാക്കി കുറിപ്പ് തയ്യാറാക്കുക.